LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം കേന്ദ്രം 5811.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 31-1-2016 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 2352.56 കോടി രൂപ (40%) ചെലവഴിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം കേന്ദ്രം 3916.87 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്ക് ലഭ്യമായ ശേഷമേ ലാപ്സായ തുക സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ.

(ഡി) ബാധകമല്ല.

(ഇ) ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്ക് 2015-16 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

പദ്ധതി	അനുവദിച്ച തുക		ചെലവഴിച്ച തുക
	കേന്ദ്രം	സംസ്ഥാനം	
ദേശീയ തൊഴിലുറപ്പ് പദ്ധതി	1402.58	.2.5	1450.93
ഇന്ദിരാ ആവാസ് യോജന	240.7	147.58	295.88
പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി	54.75	--	62.37

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം നൽകിയ തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

2015-16-ലെ പദ്ധതി അടങ്കൽ തുക

65 (1439) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാന ആസൂത്രണ കമ്മീഷൻ അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്ര; ഇതിന് കേന്ദ്ര ആസൂത്രണ കമ്മീഷൻ അനുമതി നൽകിയോ; വ്യക്തമാക്കുമോ;

(ബി) നടപ്പുസാമ്പത്തിക വർഷത്തിലെ അടങ്കൽ തുകയിൽനിന്നും നാളിതുവരെ വിവിധ വകുപ്പുകൾ ആകെ എത്ര ശതമാനം തുക ചെലവഴിച്ചു ; ആയത് എത്ര കോടി രൂപ; വിശദമാക്കുമോ;

(സി) നടപ്പുസാമ്പത്തിക വർഷത്തെ അടങ്കലിൽ മാലിന്യ സംസ്കരണം, ഭൂരഹിതരില്ലാത്ത കേരളം തുടങ്ങിയ പദ്ധതികൾക്ക് എത്ര തുക വീതം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ആയതുപ്രകാരം 2016 ജനുവരി 31 വരെ ഇതിൽനിന്നും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) നടപ്പുവർഷം അവസാനിക്കാൻ രണ്ട് മാസം മാത്രം അവശേഷിക്കേ പദ്ധതി അടങ്കലിന്റെ പത്ത് ശതമാനം പോലും ചെലവഴിക്കാത്ത വകുപ്പുകൾ ഏതെല്ലാം; ഇത്തരത്തിൽ ചെലവഴിക്കാത്തതിന്റെ കാരണം എന്തെന്നും അതിന് ഉത്തരവാദികൾ ആരെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) 2015-16 സാമ്പത്തിക വർഷം ബജറ്റ് വിനിയോഗത്തിൽ വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക എത്ര; ഓരോ വകുപ്പും 31-1-2016 വരെ എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാന ആസൂത്രണ കമ്മീഷൻ അംഗീകരിച്ച പദ്ധതി അടങ്കൽ തുക 20,000 കോടി രൂപയാണ്.

(ബി) നടപ്പുസാമ്പത്തിക വർഷത്തിലെ അടങ്കൽ തുകയിൽനിന്നും 31-10-2016 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം വിവിധ വകുപ്പുകൾ 11062.15 കോടി രൂപ (55 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ച കണക്ക് അനുബന്ധമായി * ചേർത്തിരിക്കുന്നു.

(സി)

	വകയിരുത്തിയത് (കോടിയിൽ)	ചെലവഴിച്ചത് (കോടിയിൽ)
മാലിന്യ സംസ്കരണം	24.98	3.00(12 ശതമാനം)
ഭൂരഹിതരില്ലാത്ത കേരളം	6	1.57 (26 ശതമാനം)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 31-1-2016 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 10 ശതമാനം പോലും ചെലവഴിക്കാത്ത വകുപ്പുകൾ ആഭ്യന്തരം, നിയമം, ആസൂത്രണം, റവന്യൂ എന്നിവയാണ്. പദ്ധതി വിനിയോഗം മാർച്ച് 31-ന് മാത്രമേ പൂർത്തിയാവുകയുള്ളൂ. അതിനുശേഷം മാത്രമേ പദ്ധതി വിനിയോഗം സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ.

(ഇ) 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയും 31-1-2016 വരെ ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

2016-17-ലെ വാർഷിക പദ്ധതി

66 (1440) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക പദ്ധതിക്ക് രൂപം നല്കുമ്പോൾ, സംസ്ഥാനത്തിന്റെ വരുമാന സ്രോതസുകളിൽ വർദ്ധന പ്രതീക്ഷിച്ച പ്രധാന ഘടകങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പിന്നിട്ട വർഷങ്ങളിലെ നികുതി പിരിവിന്റെയും റബ്ബറുൾപ്പെടെ കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവിന്റെയും മറ്റും പശ്ചാത്തലത്തിൽ, വരുമാനത്തിലെ അമിത പ്രതീക്ഷ, പദ്ധതി നിർവ്വഹണത്തെ പ്രതിസന്ധിയിലാക്കുമോ;

(സി) 2015-16-നെ അപേക്ഷിച്ച് ഏതെല്ലാം മേഖലയിൽ പദ്ധതിക്ക് കൂടുതൽ പരിഗണന നല്കിയിട്ടുണ്ട്; ഏതെല്ലാം മേഖലയിൽനിന്ന് കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ എല്ലാ വിധ വരുമാനവും വായ്പാ പരിധിയും കണക്കിലെടുത്തുകൊണ്ടും സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന് രൂപം നൽകുന്നത്. സംസ്ഥാനത്തിന്റെ തനതു നികുതി മേഖലയിൽനിന്നാണ് 2016-17-ൽ കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നത്.

(സി) താഴെപ്പറയുന്ന മേഖലകൾക്കാണ് 2015-16 നെ അപേക്ഷിച്ച് കൂടുതൽ പരിഗണന നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly